സോഽന്തഃ സരസ്യുരു ബലേന ഗൃഹീത ആർത്തോ
ദൃഷ്ട്വാ ഗരുത്മതി ഹരിം ഖ ഉപാത്തചക്രം
ഉത്ക്ഷിപ്യ സാംബുജകരം ഗിരമാഹ കൃച്ഛ്റാ
ന്നാരായണാഖില ഗുരോ ഭഗവൻ നമസ്തേ **(8-3-32)**
തം വീക്ഷ്യ പീഡിതമജഃ സഹസാവതീര്യ
സഗ്രാഹമാശു സരസഃ കൃപയോജ്ജഹാര
ഗ്രാഹാദ്വിപാടിതമുഖാദരിണാ ഗജേന്ദ്രം
സംപശ്യതാം ഹരിരമൂമുചദുസ്രിയാണാം **(8-3-33)**

*ശുകമുനി തുടർന്നു:*
ഗജേന്ദ്രന് ഈ സമയത്ത് താൻ കഴിഞ്ഞ ജന്മത്തിൽ പഠിച്ച ഒരു സ്തുതി ഓർമ്മ വരികയും അത് ചൊല്ലുകയും ചെയ്തു. ഗജേന്ദ്രൻ പറഞ്ഞു:

ആ പരംപൊരുളിനെ ഞാൻ നമസ്കരിക്കുന്നു. സൃഷ്ടിയുടെ അകാരണമായ കാരണവും, ഈ വിശ്വസൃഷ്ടിയുടെ ഹേതുവും അവിടുന്നാണ്. അവിടുന്നിൽ നിന്നുണ്ടായി അവിടുത്തെ പ്രഭയിൽ നിലനിന്ന് അവസാനം അവിടുത്തെ പൊരുളിൽത്തന്നെയാണല്ലോ സൃഷ്ടികളെല്ലാം വിലയം പ്രാപിക്കുന്നത്. ഈ വിശ്വത്തിന്റെ പ്രകടിതവും അപ്രകടിതവുമായ ഊർജ്ജം അവിടുന്നുതന്നെ. സൃഷ്ടിയുടെ പ്രത്യക്ഷഭാവം പിൻവലിഞ്ഞാൽപ്പോലും അവിടുത്തെ പ്രഭാപൂരം അവശേഷിക്കുന്നു. ദേവന്മാർക്കുപോലും അപ്രാപ്യമായ ഉൺമക്കുടയോനായ ഭഗവാൻ എനിക്കു രക്ഷയേകട്ടെ. സ്വയം രൂപരഹിതനെങ്കിലും എല്ലാറ്റിലും നിലകൊണ്ട്, എല്ലാ രൂപഭേദങ്ങളായും പ്രത്യക്ഷമായി, തന്റെ മായാശക്തിയാൽ ഇവയെ നിയന്ത്രിക്കുന്ന അവിടേക്ക് നമോവാകം. അവിടുന്ന് പാപപുണ്യങ്ങൾക്കതീതനെങ്കിലും സ്വന്തം മായാശക്തിക്കടിപ്പെട്ടപോലെ ചിലപ്പോൾ കാണപ്പെടുന്നു. സർവ്വസ്വതന്ത്രവും ഒന്നിനോടും ആസക്തിയില്ലാത്തതുമാണവിടുന്ന്. അവിടുത്തെ സാക്ഷാൽക്കരിക്കാൻ ആഗ്രഹിക്കുന്നവർക്കും ലൗകീകമായ ശരീരാസക്തിയുണ്ടായിക്കൂടാ. അനാസക്ത ജീവിതം നയിക്കുന്ന യോഗിവര്യൻമാരുടെ പരമലക്ഷ്യമായ അവിടേക്ക് നമോവാകം. ആരുടെ ദർശനം ലഭിക്കാനാണോ മഹർഷിവര്യൻമാർ കാടുകളിൽ അനുസ്യൂതധ്യാനത്തിനായി പോവുന്നത്, ആ പരമാത്മാവിനു നമസ്കാരം. അവിടുന്ന് ഇന്ദ്രിയമനോബുദ്ധികളുടെ സർവ്വസാക്ഷിയത്രെ. അങ്ങ് തികച്ചും സ്വതന്ത്രനും അവിടുത്തെ അഭയം പ്രാപിക്കുന്നവരുടെ അജ്ഞതാന്ധകാരം നശിപ്പിക്കുന്നവനുമാണ്. ആഗ്രഹ ലേശമേതുമില്ലാത്ത മാമുനിമാർ സാക്ഷാത്കരിക്കാനാഗ്രഹിക്കുന്ന അവിടുന്ന് ആദിപുരുഷനും, പൂർണ്ണനും, അതീവഗഹനനും ഇന്ദ്രിയങ്ങൾക്കതീതനുമത്രെ. എന്നെപ്പോലെ അജ്ഞാനത്തിൽ വഴുതിവീണവരെ രക്ഷിക്കാനുള്ള ഏകമാർഗ്ഗമായ അവിടുത്തെ ഞാൻ വീണ്ടുംവീണ്ടും സ്തുതിക്കുന്നു.

അവിടുന്ന് തന്റെ ചെറിയൊരംശം കൊണ്ടാണ് വിശ്വത്തേയും അതിലെ അസംഖ്യം നാമരൂപങ്ങളേയും സൃഷ്ടിക്കുന്നത്. സ്ത്രീയോ, പുരുഷനോ, മനുഷ്യനൊ, ദേവനോ, ഉപമനുഷ്യനോ അല്ലാ അവിടുന്ന്. അവിടുന്ന് കാര്യവും കാരണവുമല്ല. എല്ലാ വിവരണങ്ങൾക്കുമതീതനാണങ്ങ്. -നേതി, നേതി (ഇതല്ല, ഇതല്ല) - എന്ന പ്രക്രിയയാൽ വിവരണങ്ങളെ തിരസ്കരിച്ചശേഷവും എന്തവശേഷിക്കുന്നുവോ ആ ഭഗവാൻ എനിക്കു പ്രത്യക്ഷമാവട്ടെ. ഭഗവൻ, എന്റെ ഇപ്പോഴത്തെ ദുരിതത്തിൽ നിന്നും രക്ഷിക്കണമെന്നു ഞാനാവശ്യപ്പെടുന്നില്ല. എന്നാൽ അവിടുത്തെ സാക്ഷാൽക്കരിക്കാൻ വിഘ്നാതമായിരിക്കുന്ന ഈ അജ്ഞാനാവരണം നീക്കണമെന്ന് എനിക്ക് പ്രാർത്ഥനയുണ്ട്.

ഗജേന്ദ്രൻ ഇങ്ങിനെ പ്രാർത്ഥിച്ചപ്പോൾ ബ്രഹ്മാവും ദേവന്മാരും പ്രതികരിച്ചില്ല. കാരണം പ്രാർത്ഥന പരംപൊരുളിനോടായിരുന്നല്ലോ. ഭഗവാൻ ഹരി അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ടു. ഭഗവാനെ കണ്ട് ഗജേന്ദ്രൻ തന്റെ തുമ്പിക്കയ്യുകൊണ്ട് ഒരു പൂവറുത്ത് ഭഗവാനു സമർപ്പിച്ചു. സർവ്വരുടേയും ഗുരുവായ ഭഗവാൻ നാരായണനെ ഞാൻ നമസ്കരിക്കുന്നു. ഭഗവാൻ ക്ഷണനേരം കൊണ്ട് മുതലയുടെ തലയറുത്ത് ഗജേന്ദ്രനെ രക്ഷിച്ചു.